താനൂരിന്റെ ഓർമകൾ

'താ' എന്നാൽ ഇത്. നൂർ എന്നാൽ പ്രകാശം. താനൂർ പ്രകാശഭൂമികയാണ്. ഇസ്‌ലാമിക കേരളത്തിന്റെ ആദ്യകാല വിളിക്കുതന്നെ താനൂർ ഉത്തരം നൽകിയിട്ടുണ്ട്. പതിറ്റാണ്ടുകളുടെ ചരിത്രസാക്ഷ്യമായി നിലകൊള്ളുന്ന വലിയകുളങ്ങര പള്ളി, താനൂരിന്റെ ഇന്നലെകളിലേക്ക് നോക്കാൻ സഹായകമാവുന്നു. കൊത്തുപണികൾ, നിർമാണ വൈദഗ്ധ്യം എന്നിവകൊണ്ട് ശ്രദ്ധേയമായ ഈ പള്ളിയിൽ ഏഴര നൂറ്റാണ്ടിന്റെ പാരമ്പര്യമുള്ള ദർസ് ഇന്നും തുടർന്ന് പോരുന്നു. ഇസ്‌ലാമിക ലോകത്തെ വൈജ്ഞാനിക കേന്ദ്രങ്ങളായ ബാഗ്ദാദ്, യമൻ, ഹിജാസ്, ഹളർമൗത്ത് എന്നിവിടങ്ങളിലെ പണ്ഡിതപടുക്കൾ ഇന്നലെകളിലെ ദർസുകൾക്ക് നേതൃത്വം നൽകി. ലഭ്യമായ കണക്കുകളനുസരിച്ച്, ഹിജ്റ 667-ൽ ഇമാം മുഹമ്മദ്ബ്നു അബ്ദുല്ലാഹിൽ ഹള്റമിൽ ഖാഹിരി (യമൻ) ഇവിടെ ദർസ് ആരംഭിച്ചു. ഹി. 677 വരെ അദ്ദേഹം അധ്യയനം നടത്തി.

പിന്നീട് അക്കാലഘട്ടത്തിലെ തലയെടുപ്പുള്ള പണ്ഡിത മഹത്തുക്കൾ ദർസ് മുന്നോട്ട് നയിച്ചു. വെളിയങ്കോട് ഉമർഖാളി, പരപ്പനങ്ങാടി അവുക്കോയ മുസ്‌ലിയാർ, അബ്ദുറഹിമാൻ നഖ്ശബന്തി, പള്ളിപ്പുറം യൂസുഫ് മുസ്‌ലിയാർ, കോടഞ്ചേരി മുഹമ്മദ്കുട്ടി മുസ്‌ലിയാർ എന്നിവർ ഇവിടെ ദർസ് നടത്തിയിട്ടുണ്ട്. ഉമർ ഖാളി, അബ്ദുറഹിമാൻ നഖ്ശബന്തി എന്നിവർ ദർസിന്റെ സന്തതികൾ കൂടിയാണ്. മലബാർ കലാപത്തിന്റെ ശക്തിസ്രോതസുകളിലൊന്നായ ഈ പള്ളിയും ദർസും, ആ കാലയളവിൽ ദർസിന് നേതൃത്വം നൽകിയിരുന്ന

ആമ്മിനുമ്മാന്റെകത്ത് പരീക്കുട്ടി മുസ്‌ലിയാർ നാടുവിട്ടതിനെ തുടർന്ന് അൽപം മരവിച്ചു. പിന്നീട് പാങ്ങിൽ അഹ്മദ്കുട്ടി മുസ്‌ലിയാർ ദർസിന്റെ നേതൃത്വം വഹിക്കുകയും വീണ്ടും പ്രവർത്തനങ്ങൾ സജീവമാവുകയും ചെയ്തു. തുടർന്ന് ഇസ്‌ലാഹുൽഉലൂം എന്ന അറബിക് കോളേജിലേക്ക് വഴിമാറി.

അത്യപൂർവവും മൂല്യവത്തുമായ പ്രസിദ്ധ ഗ്രന്ഥങ്ങൾ ഉൾക്കൊള്ളുന്ന ഖുത്ബ്ഖാന വലിയകുളങ്ങര പള്ളിയിൽ സ്ഥിതിചെയ്യുന്നു. 'ജവാഹിറുൽഖംസ' എന്ന അമൂല്യഗ്രന്ഥം മുതൽ തുഹ്ഫ, ഖാമൂസ്, ഇംദാദ്, റൗള തുടങ്ങിയ ഗ്രന്ഥങ്ങളുടെ നിരവധി വർഷം പഴക്കമുള്ള കയ്യെഴുത്ത് പ്രതികൾ ഈ ഗ്രന്ഥപ്പുരയിലുണ്ട്. ജവാഹിറുൽ ഖംസ് (പഞ്ചരത്നങ്ങൾ) എന്ന ഗ്രന്ഥത്തിൽ നഹ്‌വ്, സ്വർഫ്, അറൂള് ഖാവാഫി, ബലാഗ, താരീഖ്, ഫിഖ്ഹ് എന്നീ അഞ്ച് വിഷയങ്ങൾ ഉൾക്കൊള്ളുന്നു. ഹനഫീ മദ്ഹബിന്റെ ആധികാരിക ഗ്രന്ഥം 'ഫത്താവാ ആലംഗീരിയുടെ' ആറു ഭാഗങ്ങളും കയ്യെഴുത്ത് പ്രതികളായി ഇവിടെ സൂക്ഷിച്ചിരിക്കുന്നു. പല ഗ്രന്ഥങ്ങളും സ്വർണലിപിയിലാണ് എഴുതിവെച്ചിട്ടുള്ളതെന്നും ഒട്ടകത്തിന്റെ തോൽകൊണ്ടാണ് പുറംചട്ട തയ്യാറാക്കിയിട്ടുള്ളതെന്നും ശ്രദ്ധേയമാണ്.

വലിയകുളങ്ങര പള്ളി ആസ്ഥാനമാക്കി ഖിലാഫത്ത് പ്രക്ഷോഭം ശക്തിയാർജിച്ചു. ആമിനുമ്മാന്റകത്ത് പരീക്കുട്ടി മുസ്‌ലിയാർ പ്രസിഡണ്ടും പുത്തൻപുരക്കൽ കുഞ്ഞിഖാദർ സെക്രട്ടറിയുമായിട്ടായിരുന്നു ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ പ്രവർത്തനം. കുഞ്ഞിഖാദറെ വഞ്ചനയിലൂടെ കീഴടക്കി 1922 ഫെബ്രുവരി 26ന് വെള്ളപ്പട്ടാളം തൂക്കിക്കൊന്നു.

ബ്രിട്ടീഷുകാരോട് ഒരുനിലക്കും സഹകരിക്കരുതെന്ന് പ്രമാണങ്ങൾ നിരത്തി സമർത്ഥിക്കുന്ന 'മുഹിമ്മാത്തുൽ മുഅ്മിനീൻ' എന്ന ഒരു ഗ്രന്ഥം ആമിനുമ്മാന്റകത്ത് പരീക്കുട്ടി മുസ്ലിയാർ രചിച്ചിരുന്നു. 1921ലെ 'മലബാർ ഗസറ്റിൽ' ഇത് കൈവശം വെക്കുന്നവരെ വിചാരണകൂടാതെ അഞ്ചു വർഷം തടവിന് ശിക്ഷിക്കുന്നതാണെന്ന് വിജ്ഞാപനം പുറപ്പെടീക്കുകയുണ്ടായി. കൈവശം വെച്ചിരുന്ന പ്രമുഖ പണ്ഡിതൻമാരായ ചെറുശ്ശേരി അഹ്മദ്കുട്ടി മുസ്ലിയാർ, പാനായിക്കുളം പുതിയാപ്പിള അബ്ദുറഹ്മാൻ മുസ്ലിയാർ എന്നിവരെ താക്കീത് ചെയ്തു വിട്ടു. ഒളിജീവിതം നയിച്ചിരുന്ന പരീക്കുട്ടി മുസ്ലിയാർ 1930ൽ മക്കയിലേക്ക് ഒളിച്ചുകടന്നു. അദ്ദേഹം അവിടെയും തന്റെ ബ്രിട്ടീഷ് വിരോധം 'ഉമ്മുൽഖുറാ' എന്ന അറബി പത്രത്തിലൂടെ ലേഖനമെഴുതി പ്രകടമാക്കിക്കൊണ്ടിരുന്നു. 1942ൽ മക്കയിൽ വെച്ച് മരണപ്പെട്ടു.

'സമസ്ത'യുടെ ചരിത്രത്തിൽ എക്കാലത്തെയും മികച്ച അധ്യായങ്ങളിൽ പലതും താനൂരുമായി ബന്ധപ്പെട്ട് കിടക്കുന്നു. 'സമസ്ത'യുടെ പ്രഥമ സംസ്ഥാന സമ്മേളനത്തിന് വേദിയായത് താനൂരായിരുന്നു. മുസ്ലിം കേരളത്തിന്റെ ചരിത്രത്തിൽ വഴിത്തിരിവായി മാറിയ പ്രസ്തുത സമ്മേളനം 1927 ഫെബ്രുവരി -7 വെള്ളൂർ ബാഖിയാത്ത് സ്വാലിഹാത്ത് സ്ഥാപകനും മാനേജറുമായിരുന്ന ളിയാവുദ്ദീൻ മുഹമ്മദ് ഹസ്രത്തിന്റെ അധ്യക്ഷതയിൽ അരങ്ങേറി. 1954 ഏപ്രിൽ 24, 25 തിയ്യതികളിൽ 20-ാം വാർഷിക സമ്മേളനം നടന്നതും താനൂരിലായിരുന്നു. ഈ സമ്മേളനത്തിൽ വെച്ചാണ് സുന്നി യുവജന സംഘം പിറവികൊള്ളുന്നത്. (1961ലെ കക്കാട് സമ്മേളനത്തിൽ വെച്ചാണ് 'സമസ്ത' അനുമതി നൽകുന്നത്). 1954ൽ പറവണ്ണ മുഹ്യുദ്ദീൻ കുട്ടി മുസ്ലിയാരുടെ

പത്രാധിപത്യത്തിൽ 'നൂറുൽ ഇസ്‌ലാം' മാസികയും 57ൽ കൂറ്റനാട് കെ.വി. മുഹമ്മദ് മുസ്‌ലിയാരുടെ നേതൃത്വത്തിൽ 'അൽബുർഹാൻ' മാസികയും പുറത്തിറങ്ങിയത് താനൂരിൽ നിന്നായിരുന്നു.

സമസ്തയുടെ പ്രഥമ കലാലയമായ ഇസ്‌ലാഹുൽഉലൂം നിലകൊള്ളുന്നത് ഇവിടെയാണ്. പത്ത് വർഷത്തോളം 'സമസ്ത'യുടെ അധ്യക്ഷ സ്ഥാനത്തിരുന്ന പാങ്ങിൽ അഹ്മദ്കുട്ടി മുസ്‌ലിയാരാണ് ഇത് സ്ഥാപിച്ചത്. മലബാർ കലാപാനന്തരം മുസ്‌ലിംകളിൽ പൊതുവെ ഉണ്ടായ അരക്ഷിതാവസ്ഥ വലിയകുളങ്ങര പള്ളിയുടെ ദർസിനെ ബാധിച്ചപ്പോൾ, താനൂരിലെ ഉലമാക്കളും ഉമറാക്കളും 1921ൽ യോഗം ചേർന്ന്, അക്കാലയളവിൽ കേരളത്തിൽ എല്ലാ മേഖലയിലും ശോഭിച്ചുകൊണ്ടിരുന്ന പാങ്ങിൽ അഹ്മദ്കുട്ടി മുസ്‌ലിയാരെ അവിടെ ദർസ് ഏറ്റെടുക്കാനായി ക്ഷണിക്കുകയായിരുന്നു.

അദ്ദേഹത്തിന്റെ സാന്നിദ്ധ്യം ഉണ്ടായതോടെ നാടിന്റെ വിവിധ ദിക്കുകളിൽനിന്നു ധാരാളം പേർ ദർസിൽ എത്തിച്ചേർന്നു. പഠിതാക്കളുടെ ആധിക്യം കാരണം മുദരിസുമാർക്കും വിദ്യാർത്ഥികൾക്കും പഠനം, താമസം, ഭക്ഷണം എന്നീ സൗകര്യങ്ങളോടുകൂടി ആധുനിക രീതിയിലുള്ള ഒരു അറബിക് കോളേജ് ഉണ്ടാക്കുവാൻ 1924 ഒക്ടോബർ 26ന് ഞായറാഴ്ച മൗലാനയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം തീരുമാനിച്ചു. നിലവിലെ മുഴുവൻ കിതാബുകൾക്കും പുറമെ അറബി, ഉർദു, ഇംഗ്ലീഷ്, മലയാളം ഭാഷകൾ നിഷ്പ്രയാസം കൈകാര്യം

ചെയ്യാനും മതത്തിനെതിരെയുള്ള വെല്ലുവിളികളെ നിർഭയം നേരിടാൻ പ്രബോധനമേഖലയിൽ നൂതന സംരംഭങ്ങൾ പരിശീലിപ്പിക്കാനും കഴിയുന്ന വിധത്തിലായിരിക്കണം പ്രസ്തുത കോളേജെന്ന് മൗലാനാ വളരെ ആഗ്രഹിച്ചു.

1928ൽ ചേർന്ന ഇസ്‌ലാഹുൽഉലൂമിന്റെ മൂന്നാമത്തെ വാർഷികയോഗത്തിൽ ഇക്കാര്യം വ്യക്തമായി പരാമർശിക്കുന്നുമുണ്ട്. രണ്ട് ദശാബ്ദക്കാലം ഇസ്‌ലാഹുൽ ഉലൂമിനുവേണ്ടി ആ മഹാൻ രാപ്പകലില്ലാതെ ഓടി നടന്നു. നേരം പുലരുവോളം വഅള് പറഞ്ഞായിരുന്നു അദ്ദേഹം കോളേജിന് സ്വത്ത് സമാഹരിച്ചിരുന്നത്. 1944-50 കാലയളവിൽ കെ.വി. ഉസ്മാൻ സാഹിബിന്റെ നേതൃത്വത്തിൽ 'താനൂർ മുസ്‌ലിം യതീംഖാന' എന്ന പേരിൽ ഒരു യതീംഖാന സ്ഥാപനത്തിൽ പ്രവർത്തിച്ചിരുന്നു. 1950ൽ പതി അബ്ദുൽഖാദർ മുസ്‌ലിയാർ ഇസ്‌ലാഹുൽഉലൂമിന്റെയും അനുബന്ധ സ്ഥാപനങ്ങളുടെയും മാനേജറായി.

1954 ഏപ്രിൽ 24 - 25 തീയതികളിൽ താനൂരിൽ നടന്ന 'സമസ്ത'യുടെ 20-ാം വാർഷിക സമ്മേളനത്തിൽ വെച്ചാണ് അൻവാറുൽ ഇസ്‌ലാം സഭ കോളേജ് 'സമസ്ത'ക്ക് രജിസ്റ്റർ ചെയ്ത് ഏൽപ്പിച്ചത്. 'സമസ്ത' മുശാവറ തീരുമാനപ്രകാരം മാനേജറും പ്രിൻസിപ്പലുമായി കുഞ്ഞുമുഹമ്മദ് മുസ്‌ലിയാരെയും രണ്ടാം മുദരിസായി കെ.വി. മുഹ്‌യുദ്ദീൻകുട്ടി മുസ്‌ലിയാരെയും മൂന്നാം മുദരിസായി അയനിക്കാട് ഇബ്രാഹീം മുസ്‌ലിയാരെയും നിയമിച്ചു. 57ൽ മൗലാനാ കൂറ്റനാട് മാനേജറായ 58 മുതൽ 63 വരെ ശംസുൽഉലമ മാനേജറും

പ്രിൻസിപ്പലുമായി. 'സമസ്ത'യുടെ പല മുശാവറ യോഗങ്ങളും ഇസ്‌ലാഹുൽ ഉലൂമിൽ വെച്ച് നടന്നിട്ടുണ്ട്.

നിരവധി മഹാത്മാക്കളുടെ അന്ത്യഗേഹം കൊണ്ടനുഗ്രഹീതമായ മണ്ണാണ് താനൂർ. ഹി. 1190ൽ മക്കയിൽ നിന്നെത്തിയ പ്രവാചകരുടെ 24-ാമത്തെ പൗത്രൻ സയ്യിദ് മുഹമ്മദ് ഹാഷിം ഹസനുൽ ഖാദിരി (റ) തങ്ങളുടെ മഖ്ബറ ഇസ്‌ലാഹുൽ ഉലൂമിന്റെ പരിസരത്തായി സ്ഥിതി ചെയ്യുന്നു. പോർച്ചുഗീസുകാരിൽ നിന്നും ഫാത്തിമയെന്ന സഹോദരിയെ രക്ഷിക്കാനായി നടത്തിയ ധീരപോരാട്ടത്തിനൊടുവിൽ, കഷ്ണം കഷ്ണമായി കടലിലേക്കെറിയപ്പെട്ട പൊന്നാനിയുടെ ധീരപുത്രൻ കുഞ്ഞിമരക്കാർ ശഹീദ് (റ) വിന്റെ ഏഴ് കഷ്ണത്തിൽ രണ്ടെണ്ണം താനൂരിലെ പതിയ കടപ്പുറത്തും ഒട്ടുംപുറത്തും എത്തിച്ചേർന്നു. അവിടെ അവരുടെ മഖ്ബറയുണ്ട്.

കേരളത്തിലെ നഖ്ശബന്തിയ്യ ത്വരീഖത്തിന്റെ ശൈഖും സൂഫി വര്യനുമായിരുന്ന ശൈഖ് അബ്ദുറഹ്മാൻ നഖ്ശബന്തി ഇവിടെ അന്ത്യവിശ്രമം കൊള്ളുന്നു. അവാരിഫുൽ മആരിഫ് (ശൈഖ് ഉമറുൽഖാഹിരിയുടെ അല്ലഫൽ അലിഫിനുള്ള വ്യാഖ്യാനം) ഇസ്ആദുൽഇബാദ് ഫീ ദിക്‌രിൽ മൗതി വൽ മആദ്, ശറഹു രൂഹ്ഫതിൽ മുർസല: എന്നിവ അദ്ദേഹത്തിന്റെ കൃതികളാണ്. ഹി. 1322 ശവ്വാൽ 22നാണ് അദ്ദേഹം വഫാത്തായത്. കെ.കെ. അബൂബക്കർ ഹസ്രത്തിന്റെ മഖ്ബറ ഖാദിരിയ്യാ നഗറിൽ ഖാദിരിയ്യാ മസ്ജിദ് പരിസരത്ത് സ്ഥിതിചെയ്യുന്നു.

മാല മൗലിദുകൾ നാടുനീങ്ങുമ്പോൾ അവയുടെ പുനരുജ്ജീവനത്തിന് അനൽപമായ പങ്ക് താനൂർ നിവാസികൾ വഹിക്കുന്നുണ്ട്. റബീഉൽ ആഖിറിന്റെ അവസാന ആഴ്ച മുതൽ ഇവിടെ മൗലിദിന്റെ ദിനങ്ങളാണ്. പന്ത്രണ്ടു മഹല്ലുകളുള്ള താനൂർ പ്രദേശത്ത് ഓരോ വ്യാഴാഴ്ചയും രണ്ടോ മൂന്നോ മഹല്ലുകളിൽ മൗലീദ് നടക്കും. വിവിധ അറബിക് കോളേജ്, ദർസ് വിദ്യാർത്ഥികൾ നേതൃത്വം നൽകുന്ന മൗലിദിന് സർവ ഉത്സാഹത്തോടെ തദ്ദേശീയ വീട്ടുകാർ മുന്നിൽ നിൽക്കുന്നു. കാലങ്ങളായി ഇത് തുടർന്നുപോരുന്നു. പണ്ട്, ഇടക്കിടെ നാട്ടിൽ വ്യാപകമായി പടർന്നുപിടിച്ച മാറാവ്യാധി സുഖപ്പെടുത്തുന്നതിനായി വെളിയങ്കോട് ആറ്റക്കോയ തങ്ങൾ നിശ്ചയിച്ചതാണത്രെ ഇത്.

ശഫീഖ് വഴിപ്പാറ